# <u>കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല</u>

**<u>തൃശ്ശൂർ, 680596</u>**

**<u>Nomination form (നാമനിർദേശപത്രിക)</u>**

| കോളേജ് പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പാസ്പോർട്ട് വലുപ്പത്തിലുള്ള ഫോട്ടോ |
|---|

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ സ്റ്റുഡൻറ്സ് യൂണിയൻ 2025-26 ജനറൽ കൗൺസിലിൽ നിന്നും, ബോർഡ് ഓഫ് അഡ്ജൂഡിക്കേഷൻ അംഗത്തിന്റെ, 2010 ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമത്തിലെ അദ്ധ്യായം X, വകുപ്പ് 71, ഉപവകുപ്പ് 2(iv) പ്രകാരമുള്ള തിരഞ്ഞെടുപ്പ്

**(പത്രിക പൂരിപ്പിക്കുന്നതിനു മുമ്പായി മറുവശത്തു കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്)**

**<u>നാമ നിർദ്ദേശ പത്രിക</u>**

| | | |
|---|---|---|
| 1 | സ്ഥാനാർത്ഥി മൽസരിക്കുന്ന തസ്തികയുടെ പേര് | |
| 2 | സ്ഥാനാർത്ഥിയുടെ പേര് (വോട്ടർ പട്ടിക പ്രകാരം) | |
| | സ്ഥാനാർത്ഥിയുടെ വിലാസം: *കോഴ്സ്, വർഷം<br>*കോളേജ്<br>*ഫോൺ നമ്പർ<br>*ഇമെയിൽ | |
| | യൂണിവേഴ്സിറ്റി രജിസ്റ്റർ നമ്പർ/താൽകാലിക രജിസ്റ്റർ നമ്പർ | |
| | വോട്ടർ പട്ടികയിൽ സ്ഥാനാർത്ഥിയുടെ ക്രമ നമ്പർ | |

| | | |
|---|---|---|
| 3 | നിർദേശകൻറെ<br><br>*പേര്, (വോട്ടർ പട്ടിക പ്രകാരം)<br><br>*കോഴ്സ്, വർഷം,<br><br>*കോളേജ് | |
| | *യൂണിവേഴ്സിറ്റി രജിസ്റ്റർ നമ്പർ/താൽകാലിക രജിസ്റ്റർ നമ്പർ | |
| | വോട്ടർ പട്ടികയിൽ നിർദേശകൻറെ ക്രമ നമ്പർ | |
| | നിർദേശകൻറെ | ഒപ്പ് തീയതി |
| 4 | പിന്തുണക്കുന്ന ആളുടെ<br><br>*പേര് (വോട്ടർ പട്ടിക പ്രകാരം),<br><br>*കോഴ്സ്, വർഷം,<br><br>*കോളേജ് | |
| | *യൂണിവേഴ്സിറ്റി രജിസ്റ്റർ നമ്പർ/താൽകാലിക രജിസ്റ്റർ നമ്പർ | |
| | വോട്ടർ പട്ടികയിൽ പിന്തുണക്കുന്ന ആളുടെ ക്രമ നമ്പർ | |
| | പിന്തുണക്കുന്ന ആളുടെ | ഒപ്പ് തീയതി |

## <u>സ്ഥാനാർത്ഥിയുടെ സമ്മതപത്രം</u>

തിരഞ്ഞെടുക്കപ്പെടുന്ന പക്ഷം കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ ബോർഡ് ഓഫ് അഡ്ജൂഡിക്കേഷൻ അംഗമായി സർവ്വകലാശാല നിയമങ്ങൾക്ക് വിധേയമായി സേവനമനുഷ്ടിച്ചു കൊള്ളാമെന്ന് ഇതിനാൽ സമ്മതിക്കുന്നു.

സ്ഥാനാർത്ഥിയുടെ ഒപ്പ്

തീയതി :

# Instructions for submitting nomination

(നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ)

1. ഓരോ നാമ നിർദ്ദേശ പത്രികയിലും, സ്ഥാനാർത്ഥി ഒപ്പിട്ട സമ്മതപത്രവും, നാമ നിർദ്ദേശകൻറെയും പിന്തുണയ്ക്കുന്ന ആളുടേയും പൂർണ്ണമായ പേരും വിലാസവും ഒപ്പും ഉണ്ടായിരിക്കേണ്ടതാണ്. നാമനിർദ്ദേശ പത്രികകൾ 19-01-2026 ന് 3.00 PM ന് മുമ്പായി വരണാധികാരിയുടെ ഓഫീസിൽ ഇതിനായി സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കേണ്ടതാണ്.

2. വോട്ടർ പട്ടിക യൂണിവേഴ്സിറ്റിയുടെ നോട്ടീസ്ബോർഡിലും പരിശോധിക്കാവുന്നതാണ്. വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുള്ള നാമനിർദ്ദേശ പത്രിക ഫോറവും നിർദേശങ്ങളും യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റ് ആയ www.kuhs.ac.in ൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കണം നാമ നിർദ്ദേശ പത്രിക സമർപ്പിക്കേണ്ടത്. നിർദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന നാമനിർദേശ പത്രികകൾ നിരസിക്കുന്നതാണ്. നാമനിർദേശ പത്രികകൾ 19-01-2026, 3.00 PM നു മുൻപായി റിട്ടേണിംഗ് ഓഫീസറുടെ കാര്യാലയത്തില് പ്രത്യേകമായി സജ്ജമാക്കിയ പെട്ടിയിൽ നിക്ഷേപിക്കാവുന്നതാണ്. നാമനിർദേശ പത്രിക അടങ്ങിയ കവറിന് പുറത്ത് "കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്റ്റുഡൻറ്സ് യൂണിയൻ - 2025-26 ജനറൽ കൗൺസിലിൽ നിന്നും, ബോർഡ് ഓഫ് അഡ്ജുഡിക്കേഷൻ ഫോർ സ്റ്റുഡന്റ്സ് ഗ്രീവൻസസിലേക്കുള്ള തിരഞ്ഞെടുപ്പ്" എന്നും, മത്സരിക്കുന്ന തസ്തികയുടെ പേരും രേഖപ്പെടുത്തേണ്ടതാണ്.

3. രജിസ്റ്റർ നമ്പർ ലഭിച്ചിട്ടില്ലാത്ത ഒന്നാം വർഷ വിദ്യാർത്ഥികൾ നാമനിർദേശ പത്രികയോടൊപ്പം ഒന്നാം വർഷ വിദ്യാർത്ഥിയാണെന്നുള്ള പ്രിൻസിപ്പലിൻറെ സാക്ഷ്യ പത്രത്തിൻറ പകർപ്പ് സമർപ്പിക്കേണ്ടതാണ്.

4. നാമനിർദ്ദേശ പത്രികകൾ കൈയെഴുത്താൽ പൂരിപ്പിച്ചതായിരിക്കണം. അപൂർണവും ടൈപ്പ് ചെയ്തതുമായ പത്രികകൾ സ്വീകരിക്കുന്നതല്ല. വോട്ടർ പട്ടികയിൽ ഉള്ളതുപോലെ പേരും നാമനിർദേശക പട്ടികയിൽ ആവശ്യപ്പെട്ട മറ്റു വിവരങ്ങളും എഴുതേണ്ടതാണ്. സ്ഥാനാർത്ഥി ക്രിമിനൽ വിചാരണ നേരിടുന്നവരും ഇന്ത്യൻ ക്രിമിനൽ കോടതികളാൽ ശിക്ഷിക്കപ്പെട്ടതും ആകരുത്.

സ്ഥാനാർത്ഥി കേരള ആരോഗ്യ സർവ്വകലാശാലയുടെ അച്ചടക്ക നടപടികൾക്ക് വിധേയമായ ആളാകരുത്.

5. നിർദേശകനും പിന്തുണക്കുന്ന ആളും വോട്ടർ പട്ടികയിൽ പേരുള്ളവർ ആയിരിക്കണം. നിർദേശകൻ തസ്തികകളുടെ എണ്ണത്തിൽ കൂടുതൽ സ്ഥാനാത്ഥികളെ നിർദ്ദേശിക്കാൻ പാടില്ല. പിന്തുണക്കുന്ന ആൾ തസ്തികകളുടെ എണ്ണത്തിൽ കൂടുതൽ സ്ഥാനാത്ഥികളെ പിന്തുണക്കാൻ പാടില്ല.സ്ഥാനാർത്ഥിക്ക് മറ്റൊരു സ്ഥാനാർത്ഥിയെ അതേ തസ്തികയിലേക്ക് നിർദ്ദേശിക്കാനും പിന്തുണയ്ക്കാനും പാടുള്ളതല്ല.

6. നാമ നിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന വരണാധികാരിയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ 19-01-2026 ന് 3.45 PM ന് നടത്തുന്നതാണ്. സ്ഥാനാർത്ഥിക്കും സ്ഥാനാർഥി നിർദിഷ്ട അപേക്ഷഫോമിൽ ചുമതലപ്പെടുത്തിയ, വോട്ടർ പട്ടികയിൽ പേരുള്ള ഒരു പ്രതിനിധിക്കും വരണാധികാരിയുടെ അംഗീകാരത്തോടു കൂടി നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധന നടത്തുന്ന സമയത്ത് സന്നിഹിതരാകാവുന്നതാണ്.

SD/-

**ഡീൻ സ്റ്റുഡൻറ് അഫയേഴ്സ് & റിട്ടേണിംഗ് ഓഫീസർ**

# കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

Nomination Withdrawal form (നാമനിർദേശം പിൻവലിക്കുന്നതിനുള്ള അപേക്ഷ)

സ്വീകർത്താവ്

വരണാധികാരി & ഡീൻ സ്റ്റുഡൻറ് അഫയേഴ്സ്
കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ

ഞാൻ..................................................................................................
.......................................................................................................................
(പൂർണ്ണമായ പേര്, കോഴ്സ്, വർഷം, കോളേജ്, രജിസ്റ്റർ നമ്പർ) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ സ്റ്റുഡൻറ്സ് യൂണിയൻ 2025-26 ജനറൽ കൗൺസിലിൽ നിന്നും, ബോർഡ് ഓഫ് അഡ്ജ്യൂഡിക്കേഷനിലേക്കുള്ള അംഗത്തിനെ തിരഞ്ഞെടുക്കപ്പെടുന്നതിനായി സമർപ്പിച്ച എന്റെ സ്ഥാനാർത്ഥിത്വം ഇതിനാൽ പിൻവലിക്കുന്നു.

സ്ഥലം : സ്ഥാനാർത്ഥിയുടെ ഒപ്പ്
തിയതി :

...........................................................................

എനിക്ക് നേരിട്ട് വന്ന് സ്ഥാനാർഥിത്വം പിൻവലിക്കാൻ കഴിയാത്തതിനാൽ ഞാൻ
...........................................................................
(ചുമതലപെടുത്തുന്ന ആളുടെ പേര്, കോഴ്സ്, വർഷം, കോളേജ്, രജിസ്റ്റർ നമ്പർ) എന്ന ആളെ സ്ഥാനാർഥിത്വം പിൻവലിക്കുന്നതിനായി ഏർപ്പെടുത്തുന്നു.

ഏർപ്പെടുത്തിയ ആളുടെ ഒപ്പ് സ്ഥാനാർത്ഥിയുടെ ഒപ്പ്

വരണാധികാരി & ഡീൻ (സ്റ്റുഡൻറ് അഫയേഴ്സ്)

തിയതി :

# കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

## നാമ നിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അപേക്ഷ നൽകിയതിനുള്ള രസീത്

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ സ്റ്റുഡൻറ്സ് യൂണിയൻ ജനറൽ കൗൺസിലിൽ (2025-26) നിന്നും, ബോർഡ് ഓഫ് അഡ്ജ്യൂഡിക്കേഷനിലേക്കുള്ള അംഗത്തിന്റെ തിരഞ്ഞെടുപ്പിനായി ശ്രീ/ ശ്രീമതി........................................................................................ സമർപ്പിച്ച നാമ നിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള നോട്ടീസ്................. തിയതി...........മണിക്ക് ശ്രീ/ശ്രീമതി.............................................. സ്ഥാനാർത്ഥി/ അല്ലെങ്കിൽ സ്ഥാനാർത്ഥി രേഖാമൂലം ചുമതലപ്പെടുത്തിയ ആൾ സമർപ്പിച്ചു.

വരണാധികാരി & ഡീൻ (സ്റ്റുഡൻറ് അഫയേഴ്സ്)

സ്ഥലം :

തിയതി :